(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര പേർക്ക് പട്ടയം നൽകിയിട്ടുണ്ട്, കൈവശരേഖ എത്ര പേർക്ക് നൽകിയിട്ടുണ്ട്; ഇതിൽ മിച്ചഭൂമി എത്ര ഹെക്ടർ പുറമ്പോക്ക് ഭൂമി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം/കൈവശരേഖ നൽകിയതിന്റെ ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സ്വന്തമായി ഭൂമി ഇല്ലാത്തവർ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; ഇവർക്ക് ഏതെങ്കിലും തരത്തിലുള്ള ഭൂമി നൽകുന്നതിന് സർക്കാരിന് പരിപാടിയുണ്ടോ; എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ഇന്ന് ഹൈക്കോടതി പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് മാറ്റിക്കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 71,899 പേർക്ക് പുറമ്പോക്ക് ഭൂമിക്ക് പട്ടയവും 15,234 പേർക്ക് കൈവശരേഖയും നൽകിയിട്ടുണ്ട്. മിച്ചഭൂമിയെ സംബന്ധിച്ച വിവരവും എത്ര ഹെക്ടർ നൽകിയെന്ന വിവരവും ശേഖരിച്ച് നൽകുന്നതാണ്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്†

(സി) സംസ്ഥാനത്ത് സ്വന്തമായി ഭൂമി ഇല്ലാത്തവരുടെ എണ്ണം കണക്കാക്കിയിട്ടില്ല. സ്വന്തമായി ഭൂമിയില്ലാത്തവർക്ക്, അതിനുവേണ്ട അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി അർഹരായവർക്ക് സർക്കാർ ഭൂമിയുടെ ലഭ്യതയനുസരിച്ച് പട്ടയം നൽകി വരുന്നുണ്ട്.

(ഡി) പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് ഹൈക്കോടതിയുടെ പൊതുവെയുള്ള നിരോധന ഉത്തരവ് നിലവിലില്ല.

57 (559) കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചു നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ചിറയിൻകീഴ് താലൂക്കിലെ വർക്കല നഗരസഭാതിർത്തിയിൽ കൈവശക്കാർക്ക് പട്ടയം നൽകിയിട്ടില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഈ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റോഡ് പുറമ്പോക്കിലും കനാൽ പുറമ്പോക്കിലും ദീർഘകാലമായി താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുന്നതിനോ കൈവശരേഖ കൊടുക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം -VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 51,847 കുടുംബങ്ങൾക്ക് കൈവശഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

(ബി)&(സി) വർക്കല നഗരസഭാതിർത്തിയിലെ കുറെ കൈവശക്കാർ പട്ടയത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേൽ മുനിസിപ്പൽ/ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി പട്ടയം നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി അർഹമായ കേസുകളിൽ കൈവശരേഖ നൽകുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

58 (560) നേമം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണ് ലക്ഷം വീട്, പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുള്ളത്;

(ബി) എല്ലാ വില്ലേജുകളിലും ഈ വിഭാഗക്കാർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(സി) ഇനി ഏതെല്ലാം വില്ലേജുകളിലാണ് പട്ടയം നൽകുവാനുള്ളത്;

(ഡി) അതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ഇ) എത്രയുംവേഗം എല്ലാവർക്കും പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) പള്ളിച്ചൽ, മാറനല്ലൂർ, മലയിൻകീഴ്, വിളപ്പിൽ, വിളവൂർക്കൽ എന്നീ വില്ലേജുകളിൽ ഉൾപ്പെട്ട ലക്ഷം വീട് നിവാസികൾ പുറമ്പോക്ക് കൈവശക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വില്ലേജുകളിൽ ഏതാനും പേർക്കു കൂടി പട്ടയം നൽകാനുണ്ട്.

(ഡി) കെ.എൽ.എ റൂൾ പ്രകാരം നടപടികൾ എടുത്തുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

59 (561) മലയോര കർഷകർക്ക് പട്ടയം

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ. എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977 ന് മുൻപായി വനഭൂമി കൈവശം വച്ചു വരുന്ന മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) എത്ര മലയോര കർഷകരാണ് നിലവിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹരായിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly